**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3966** **06-08-2021 - ൽ മറുപടിയ്ക്ക്**

**സമുദ്രമത്സ്യസമ്പത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ലഭിച്ച സമുദ്രമത്സ്യത്തിന്റെ അളവ് സ്ഥിരമായി കുറഞ്ഞുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരു ത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യ സമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത കുറയുന്നതായാണ് കാണുന്നത്. |
| (ബി) | സമുദ്രമത്സ്യ സമ്പത്തിൽ കുറവ് വരാനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽ ക്കാടുകളുടെ തിരോധാനം, കാലാ വസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ CMFRIയുടെ പഠനത്തിൽ വ്യക്ത മാക്കിയിട്ടുണ്ട്. ഇവയിൽ ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റു ചിലവ പ്രകൃതി ജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. |
| (സി) | സമുദ്രമത്സ്യ സമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (സി) | കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലന ത്തിനും ഉതകുന്ന തരത്തിൽ KMFR Act ഉം Rule ഉം കാര്യക്ഷമമായി നടപ്പിലാക്കുക, വിവിധ |

| | | | |
|---|---|---|---|
| | | | മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിയ്ക്കുക, കടൽ മലിനീകരണം നിയന്ത്രിയ്ക്കുക, അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിയന്ത്രിയ്ക്കുകയോ നിരോധിയ്ക്കുകയോ ചെയ്യുക തുടങ്ങിയവയാണ് സമുദ്ര മത്സ്യസമ്പത്തിന്റെ കാര്യക്ഷമമായ മാനേജ്മെന്റിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ. |
| (ഡി) | ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ